# EPARCHY OF MISSISSAUGA

For the Glory of God

## ഇടയലേഖനം

No. 110/2021

**ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും മിസ്സിസ്സാഗാ രൂപതയുടെ മെത്രാൻ മാർ ജോസ് കല്ലുവേലിൽ രൂപതാംഗങ്ങളായ വൈദീകർക്കും സമർപ്പിതർക്കും സഹോദരീ സഹോദരങ്ങൾക്കും കുട്ടികൾക്കും എഴുതുന്നത്.**

മിശിഹായിൽ പ്രിയപ്പെട്ടവരേ,

ദൈവകൃപയാൽ നമ്മുടെ രൂപതയുടെ ആറാം വാർഷികം 2021 സെപ്റ്റംബർ 19 ഞായറാഴ്ച ആഘോഷിക്കുകയാണല്ലോ. രൂപതയുടെ ഈ ശൈശവദശയിൽ പെറ്റമ്മ തന്റെ കുഞ്ഞിനെ കാത്തുപരിപാലിക്കുന്നതുപോലെ നമ്മെ കൈപിടിച്ചു നയിക്കുന്ന സകല നന്മകളുടെയും ദാതാവായ ദൈവത്തിന് നമുക്ക് ഒന്നുചേർന്ന് നന്ദിപറയാം. പരിശുദ്ധ അമ്മയോട് ചേർന്ന് എളിമയോടെ ഉദ്ഘോഷിക്കാം. "ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടുത്തെ നാമം പരിശുദ്ധമാണ്" (ലൂക്കാ 1,49).

ദൈവജനത്തിന്റെ സമഗ്രമായ വളർച്ചയ്ക്കുവേണ്ടി കഠിനാധ്വാനം ചെയ്യുന്ന ബഹുമാനപ്പെട്ട വൈദികർ, സിസ്റ്റേഴ്സ്, പാസ്റ്ററൽ കൗൺസിൽ, ഫിനാൻസ് കൗൺസിൽ അംഗങ്ങൾ, കൈക്കാരന്മാർ, പാരീഷ് കൗൺസിൽ അംഗങ്ങൾ, മതാധ്യാപകർ, സംഘടനാ ഭാരവാഹികൾ, വ്യത്യസ്തങ്ങളായ മറ്റു ശുശ്രൂഷകളനുഷ്ഠിക്കുന്നവർ എന്നിവർക്കെല്ലാം ഹൃദയപൂർവ്വം നന്ദി പറയുന്നു. കോവിഡ് മഹാമാരിയിലൂടെയും മറ്റു പ്രതിസന്ധികളിലൂടെയും കടന്നുപോകുന്ന രൂപതയിലെ സകല ദൈവജനത്തിനും വേണ്ടി ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

സെപ്റ്റംബർ 8-ാം തീയതി ആഘോഷിക്കുന്ന മാതാവിന്റെ പിറവിത്തിരുനാൾ രൂപതാദിനാഘോഷത്തിന് നല്ല ഒരുക്കം ആകട്ടെയെന്ന് ആശംസിക്കുന്നു. കാനായിലെ കല്യാണവീട്ടിലെ കുറവിനെ നിറവാക്കാൻ തന്റെ പുത്രന്റെ പക്കൽ മാധ്യസ്ഥ്യം വഹിച്ച പരിശുദ്ധ അമ്മവഴി നമ്മുടെ രൂപതാ കുടുംബത്തിന്റെ എല്ലാ കുറവുകളും നിറവായി രൂപാന്തരപ്പെടുവാൻ നമുക്ക് തീക്ഷ്ണമായി പ്രാർത്ഥിക്കാം. അതിനാൽ ഈ സെപ്റ്റംബർ മാസം മുഴുവനും പ്രാർത്ഥനാ മാസമായി ആചരിക്കുവാൻ സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു. ഇതോടൊപ്പം അയയ്ക്കുന്ന പ്രാർത്ഥന ദൈവാലയങ്ങളിൽ വിശുദ്ധ കുർബാനയോടൊപ്പവും എല്ലാ ഭവനങ്ങളിലും സന്ധ്യാപ്രാർത്ഥനയോടൊപ്പവും ചൊല്ലണമെന്ന് അഭ്യർത്ഥിക്കുന്നു.

### നമ്മൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ

രൂപതയുടെ ആറാം പിറന്നാൾ ആഘോഷിക്കുവാൻ ഒരുങ്ങുന്ന ഈ വേളയിൽ വിശുദ്ധ പൗലോസ് ശ്ലീഹായുടെ വാക്കുകൾ നമുക്ക് അനുസ്മരിക്കാം. നമ്മൾ "ദൈവത്തിന്റെ കൂട്ടുവേലക്കാരാണ്". "We are labourers together with God' (1 കൊറി 3,9)· കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം പഠിപ്പിക്കുന്നതുപോലെ "ലോകസൃഷ്ടികളിൽ മനുഷ്യനെ മാത്രമാണ് ദൈവം അവനുവേണ്ടിത്തന്നെ സൃഷ്ടിച്ചത്" (CCC. 356)· അവന്റെ മഹത്വവും ലക്ഷ്യവും രക്ഷാകരവേലയിൽ ദൈവത്തിന്റെ കൂട്ടുവേലക്കാരാണ് എന്നുള്ളതാണ്. "അതിനാൽ നിങ്ങൾക്ക് കൈവന്നിരിക്കുന്ന ദൈവകൃപ വ്യർത്ഥമാക്കരുതെന്ന് അവിടുത്തെ സഹപ്രവർത്തകരെന്ന നിലയിൽ ഞങ്ങൾ നിങ്ങളോടപേക്ഷിക്കുന്നു" (2 കൊറി 6,1).

ഉത്ഥിതനായ ഈശോയെ കൂടാതെ രാത്രിമുഴുവൻ അധ്വാനിച്ചിട്ട് ഒന്നും ലഭിക്കാതെ ശൂന്യമായ വലയുമായി, നിസ്സഹായരായി കരയണയാൻ ഒരുങ്ങുന്ന ശിഷ്യരെ അനുസ്മരിക്കാം (യോഹ. 21, 1-5). അവരെ തേടിവന്ന് "വള്ളത്തിന്റെ വലതുവശത്ത് വലയിടുക. അപ്പോൾ നിങ്ങൾക്ക് കിട്ടും" (യോഹ 21, 6) എന്നുപറഞ്ഞ് കൂട്ടുവേലയ്ക്കായി ശിഷ്യരെ ഒരുക്കുന്ന 'വലിയ മുക്കുവൻ' ഇന്ന് നമ്മെയും തേടിവരുന്നു.

**വിളവധികം വേലക്കാരോ ചുരുക്കം**

"വിളവധികം വേലക്കാരോ ചുരുക്കം. അതിനാൽ തന്റെ വിളഭൂമിയിലേയ്ക്ക് വേലക്കാരെ അയയ്ക്കുവാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ" (മത്താ 9,37-38). ദൈവത്തിന് മനുഷ്യരോടുള്ള അനുകമ്പ ഇതിനേക്കാൾ കൂടുതലായി വ്യക്തമാക്കുന്ന മറ്റൊരു സന്ദർഭം സുവിശേഷങ്ങളിൽ കണ്ടെത്തുക പ്രയാസമാണ്. ഈശോ ഈ അനുകമ്പാഭാവം തന്നിൽ തന്നെ ഒതുക്കി നിർത്തുകയല്ല; പ്രത്യുത തന്റെ ശിഷ്യരുടെയും മറ്റു ശ്രോതാക്കളുടേയും ഹൃദയങ്ങളിലേയ്ക്ക് പകരുകയാണ് ചെയ്യുന്നത്. തുടർന്ന് അത് പ്രാർത്ഥനയായി മാറ്റുവാൻ ശക്തമായി ആവശ്യപ്പെടുകയും ചെയ്യുന്നു. ഇവിടെ ഈശോ ജനത്തിന്റെ വലിയ ഒരു ആവശ്യം അറിയുകയും അത് നിറവേറ്റുവാൻ ഏറ്റവും അനുയോജ്യരായവർ തന്നോടൊപ്പം ഉള്ളവർ തന്നെയെന്ന് ബോധ്യപ്പെടുത്തുകയും അതിനുള്ള വ്യക്തമായ മാർഗ്ഗം നിർദ്ദേശിക്കുകയും ആണ് ചെയ്തത്.

പ്രിയപ്പെട്ടവരേ, നമ്മെ അറിയുന്ന, നമ്മുടെ രൂപതയുടെ ആവശ്യം അറിയുന്ന ഈശോ ഇന്ന് നമ്മോടാവശ്യപ്പെടുന്നതും ഇതു തന്നെയല്ലേ? കാനഡാമുഴുവൻ  വ്യാപിച്ചു കിടക്കുന്ന വിശാലമായ നമ്മുടെ രൂപതയെ കണ്ടുകൊണ്ട് അനുകമ്പാപൂർവ്വം അവിടുന്ന് നമ്മോട് പറയുന്നത്, വിളവധികം വേലക്കാർ ചുരുക്കം, വിളവിന്റെ നാഥനോട് തീക്ഷ്ണതയോടെ പ്രാർത്ഥിക്കുക, ഔദാര്യപൂർവ്വം പ്രവർത്തിക്കുക, സ്നേഹത്തോടെ പ്രോത്സാഹിപ്പിക്കുക എന്നൊക്കെയാണല്ലോ? അമേരിക്കൻ ദൈവശാസ്ത്രജ്ഞനായ ആൽബർട്ട് ബർനസ് പ്രസ്താവിക്കുന്നതുപോലെ, ''ദൈവപുത്രനായ ഈശോ അനുകമ്പയുള്ള ഒരു കാഴ്ചക്കാരൻ (Pitying spectator) അല്ലായിരുന്നു. അവൻ പ്രശ്നപരിഹാരത്തിനായി ഒരു ദൗത്യം (mission) കണ്ടെത്തുന്നു. അതിന്റെ ഒന്നാംഘട്ടം ഈശോയിലും രണ്ടാം ഘട്ടം പന്ത്രണ്ട് അപ്പസ്തോലന്മാരിലും, മൂന്നാം ഘട്ടം നമ്മിൽ ഓരോരുത്തരിലും എത്തിനിൽക്കുന്നു".

കാനഡായിലെ സീറോമലബാർ സഭാംഗങ്ങൾക്ക് ഫലപ്രദമായ ശുശ്രൂഷ ചെയ്യാൻ ഇവിടെനിന്നു തന്നെ ധാരാളം വൈദികരും, സിസ്റ്റേഴ്സും ഉണ്ടാകണം. നമ്മുടെ ഓരോ ഭവനവും ഇടവകയും പൗരോഹിത്യ സമർപ്പിത ദൈവവിളികളുടെ വിളനിലങ്ങളാകണം. കേരളത്തിൽ നിന്നുള്ള വൈദിക വിദ്യാർത്ഥികൾക്ക് കാനഡായിൽ പരിശീലനം ലഭ്യമാകണം.

Annual Bishop's Appeal (ABA) ലിന് നിങ്ങൾ ഓരോരുത്തരും നല്കുന്ന ഔദാര്യപൂർണ്ണമായ സഹകരണത്തിന് നന്ദി പറയുന്നു. ഈ വർഷത്തെ ABA collection രൂപതാദിനത്തോടനുബന്ധിച്ച് നടത്തുന്നതും ലഭിക്കുന്ന തുക സെമിനാരി പരിശീലനത്തിനായി വിനിയോഗിക്കുന്നതുമാണ്.

ആയതിനാൽ പ്രിയപ്പെട്ടവരേ, തന്റെ വിളഭൂമിയിലേയ്ക്ക് കൂട്ടുവേലക്കാരെ ക്ഷണിക്കുന്ന നിത്യപുരോഹിതനായ ഈശോയെ നമുക്ക് ശ്രവിക്കാം. വിളവിന്റെ നാഥനായ അവിടുത്തോട് തീക്ഷണതയോടെ പ്രാർത്ഥിക്കാം. അവിടുന്ന് നല്കിയ അനുഗ്രഹത്തിനനുസരിച്ച് ഔദാര്യപൂർവ്വം പ്രവർത്തിക്കാം.

എല്ലാവർക്കും സമാഗതമാകുന്ന പരിശുദ്ധ ദൈവമാതാവിന്റെ പിറവിത്തിരുനാളിന്റേയും രൂപതാദിനത്തിന്റെയും മംഗളങ്ങൾ പ്രാർത്ഥനാപൂർവ്വം നേരുന്നു. രൂപതാ മധ്യസ്ഥനായ വിശുദ്ധ തോമാശ്ലീഹായുടെ മാധ്യസ്ഥ്യം വഴി കാരുണ്യവാനായ ദൈവം ഏവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം

**മാർ ജോസ് കല്ലുവേലിൽ**

മിസ്സിസ്സാഗാ രൂപതയുടെ മെത്രാൻ

---

NB :- ഈ സർക്കുലർ 2021 ഓഗസ്റ്റ് 29 ഞായറാഴ്ച വിശുദ്ധ കുർബാന മധ്യേ വായിക്കേണ്ടതാണ്.